GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/08/2026

1) കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ 2026 –27 വർഷത്തിൽ " **കാർഷിക കേരളം പുതുയുഗപ്പിറവിയിലേക്ക്**" എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന ഫാം ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് അപേക്ഷ ക്ഷണിച്ചു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസന മേഖലകളിലെ ഹൈടെക് കൃഷിരീതികൾ, നൂതന സാങ്കേതികവിദ്യകൾ, പുതുസംരംഭങ്ങൾ, സംഘകൃഷി തുടങ്ങിയ കാർഷികമേഖലയുടെ വിവിധ തലങ്ങൾ എന്നിവ ആസ്പദമാക്കിയുള്ള ഡിജിറ്റൽ ചിത്രങ്ങളാണ് അയക്കേണ്ടത്. കുറഞ്ഞത് 300 DPI ഉം ഫയൽ സൈസ് കുറഞ്ഞത് 3 MB യും വേണം. പ്രായഭേദമന്യേ

എല്ലാവർക്കും മത്സരത്തിൽ പങ്കെടുക്കാം. ഒരാൾക്ക് പരമാവധി 3 ഫോട്ടോകൾ അയ്ക്കാം. എഡിറ്റ് ചെയ്ത ഫോട്ടോകൾ പരിഗണിക്കുന്നതല്ല. മുൻ വർഷം സമർപ്പിച്ച എൻട്രികൾ വീണ്ടും സമർപ്പിക്കേണ്ടതില്ല. എൻട്രികളിൽ നിന്നും ലഭിക്കുന്ന ഫോട്ടോകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൻറെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ്. തിരെഞ്ഞെടുക്കപ്പെടുന്നവർക്ക് ഒന്നാം സമ്മാനം 20,000/-, രണ്ടാം സമ്മാനം 10,000/-, മൂന്നാം സംമ്മാനം ₹5,000/-, പ്രോത്സാഹന സമ്മാനം ₹1,000/- വീതം 10 പേർക്ക്.

എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ പെൻഡ്രൈവ് മുഖേനയോ, farmphotography2026@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ സപ്തംബർ 30 ന് മുൻപ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8078095860 എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

2. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രം ലോക പശുദിനാഘോഷത്തിനോട് അനുബന്ധിച്ച് **'ധേനുക 2026'** എന്ന പേരിൽ പശുദിനാഘോഷം സംഘടിപ്പിക്കുന്നു. 2026 സെപ്തംബർ 1-ന് രാവിലെ 10.30-ന് കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രം

പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ ഡോ. ജനീഷ പി. അഹമദ് അദ്ധ്യക്ഷതവഹിക്കുന്ന പരിപാടിയുടെ ഉദ്ഘാടനം കണ്ണൂർ എം.എൽ.എ. അഡ്വ. ടി.ഒ. മോഹനൻ നിർവ്വഹിക്കും. പശുവളർത്തലിൽ ഏർപ്പെട്ട സംരംഭകരെ ആദരിക്കൽ, പുതിയ സാങ്കേതികവിദ്യകളുടെ പരിചയപ്പെടുത്തൽ എന്നിവ ഉണ്ടായിരിക്കും. കൂടാതെ കണ്ണൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസറുമായി ഒരു സംവാദവും, ഈ മേഖലയിലേക്ക് അഭ്യസ്തവിദ്യരായ യുവതീ–യുവാക്കളെ ആകർഷിക്കുന്നതിന് **"പണം ചുരത്തും പശു"** എന്ന പേരിൽ ഒരു സെമിനാർ കൂടി സംഘടിപ്പിക്കുന്നു.

3 2026–27 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള **മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതിയിൽ** ഉൾപ്പെടുത്തി ധനസഹായം നൽകുന്നു.

a) കുരുമുളക്, കൊക്കോ, മാവ്, ജാതി, കശുമാവ് മുതലായ വിളകളുടെ കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം:– ഉത്പാദനക്ഷമത കുറഞ്ഞതും പ്രായമേറിയതും രോഗബാധിതവുമായ വള്ളികൾ/ശാഖകൾ വെട്ടിമാറ്റി പകരം അത്യുത്പാദന ശേഷിയുള്ള പുതിയ തൈകൾ നട്ടുപിടിപ്പിച്ച്

ശാസ്ത്രീയമായ കൃഷി രീതികൾ ആവിഷ്ക്കരിക്കുന്നതിന് ധനസഹായം നൽകുന്നു. ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 24,000 രൂപ ധനസഹായമായി നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടർ സ്ഥലത്തിന് ധനസഹായം ലഭിക്കും.

b) ജൈവകൃഷി:- 30'x8'x2.5' വിസ്തീർണ്ണമുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 50,000/- രൂപ ധനസഹായം നൽകുന്നു.

ഇതിനായി അപേക്ഷകർ അതാത് കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.

4 നാളികേര വികസന ബോർഡ് നടപ്പാക്കുന്ന **തെങ്ങ് പുതുക്കൃഷി പദ്ധതിയിൽ** ഗുണഭോക്താക്കൾക്കുള്ള സഹായധനം വർധിപ്പിച്ചു. തെങ്ങിൻതൈ ഒന്നിന് ഇനിമുതൽ 350 രൂപവരെ ധനസഹായം ലഭിക്കും. പരമാവധി രണ്ടു ഹെക്ടറിനു കൃഷിയിടങ്ങളിൽ തുറസായ സ്ഥലത്ത് പുതിയ തെങ്ങിൻ തൈകൾ ശാസ്ത്രീയമായി നട്ട് കൃഷി വ്യാപിപ്പിക്കുന്നതാണ് പദ്ധതി. ഒരു ഹെക്ടറിൽ പുതുക്കൃഷിക്ക് 56,000 രൂപ വരെ സഹായധനം ലഭിക്കും. കുറഞ്ഞത് 20 സെന്റ് സ്ഥലത്ത് 10 തെങ്ങിൻതൈകളെങ്കിലും പുതുതായി നടുന്നവർക്കും

സഹായധനത്തിന് അർഹതയുണ്ട്. തൈകൾ നട്ടതിനുശേഷം നിർദിഷ്ട ഫോമിൽ അതത് കൃഷിഭവൻ മുഖേന അപേക്ഷ സമർപ്പിക്കണം. പദ്ധതികളുടെ വിശദവിവരങ്ങളും അപേക്ഷാഫോമുകളും നാളികേര വികസന ബോർഡിന്റെ https://coconutboard.gov.in/ വെബ് സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0484 23777266, 0484 23777267 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5 2026-27 അദ്ധ്യയന വർഷത്തെ ഒഴിവുള്ള സീറ്റുകളിലേക്ക് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിങ് & മാനേജ്മെന്റിൽ നടത്തിവരുന്ന എം.ബി.എ. (അഗ്രി. ബിസിനസ് മാനേജ്മെന്റ്) പ്രോഗ്രാമിലെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സമയ പരിധി ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചിരിക്കുന്നു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും

www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 0487 2438139 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.